## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1743** **08/06/2018-ൽ മറുപടിയ്ക്ക്**

### കോതമംഗലം മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വീടുകൾ

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിൽ നിന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള, നിർമ്മാണം പൂർത്തീകരിക്കാത്ത എത്ര വീടുകളാണുള്ളതെന്നും ഇതിൽ ലൈഫ് മിഷന്റെ ഭാഗമായി എത്ര വീടുകൾ പൂർത്തീകരിച്ചു എന്നും വ്യക്തമാക്കാമോ; | എ) | കോതമംഗലം മണ്ഡലത്തിൽ നിന്നും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട, നിർമ്മാണം പൂർത്തീകരിക്കാനുണ്ടായിരുന്ന 237 വീടുകളിൽ, 208 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് വേണ്ടിയുള്ള ധനസഹായം വിതരണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് വെയ്ക്കുന്നതിനുള്ള ധനസഹായ വിതരണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഭൂമിയുള്ള ഭവനരഹിതരുടെ എത്ര അപേക്ഷകൾ കോതമംഗലം മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | അപേക്ഷ ക്ഷണിച്ചിരുന്നില്ല. ഭവനങ്ങൾ സന്ദർശിച്ചുള്ള വിവരശേഖരണമാണ് നടത്തിയത്. കോതമംഗലം നിയമസഭ മണ്ഡലത്തിൽ നിന്നും ഭൂമിയുള്ള ഭവന രഹിതരായ 1636 പേർ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | കോതമംഗലം മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർ എത്രയുണ്ടെന്നും അവർക്ക് എത്ര മാത്രം ഭൂമി കണ്ടെത്തേണ്ടിവരുമെന്നും വ്യക്തമാക്കുമോ; | (ഡി) | കോതമംഗലം നിയമസഭ മണ്ഡലത്തിൽ നിന്നും ഭൂമിയില്ലാത്ത ഭവന രഹിതരായ 2292 പേർ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്കായി 23 ഏക്കർ ഭൂമിയാണ് ആവശ്യമായുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | ഭൂരഹിത ഭവനരഹിതർക്കായി കോതമംഗലം മണ്ഡലത്തിൽ എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ഇ) | ഭൂരഹിത ഭവനരഹിതർക്കായി കോതമംഗലം നിയമസഭാ മണ്ഡലത്തിൽ സ്ഥലം കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**